(ബി) വഖഫ് ബോർഡിൽ ബഹുമുഖ രീതിയിലുള്ള വേതന അലവൻസ്-ലീവ് വ്യവസ്ഥകൾ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വഖഫ് ബോർഡിൽ നടപ്പിലാക്കുന്ന ബഹുമുഖ വേതന അലവൻസ്-ലീവ്വ്യവസ്ഥകൾ സർക്കാരിന്റെ അറിവോടെയാണോ അനുവദിക്കുന്നത് ;

(ഡി) അല്ലെങ്കിൽ ക്രമരഹിതമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയ ഈ രീതി നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രതിവർഷം 50 ലക്ഷം രൂപ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി സംസ്ഥാന സർക്കാരിൽ നിന്നും വഖഫ് ബോർഡിന് ലഭിക്കുന്നുണ്ട്. ആയത് 2010-11 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 55 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) അല്ല.

(ഡി & ഇ) ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകളെ തുടർന്ന് 2003-ലെ വഖഫ് ബോർഡ് റഗുലേഷൻ സർക്കാർ 5-4-2010-ാം തീയതിയിലെ G.O.(Rt)No.1566/10/RD നമ്പർ പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് വഖഫിന്റെ ദൈനംദിന ഭരണത്തെ ബാധിക്കാതിരിക്കുന്നതിനായി ബോർഡ് ഓഫീസ് പ്രവർത്തനങ്ങൾ, ജീവനക്കാരുടെ ശമ്പളം മറ്റ് അലവൻസുകൾ, വിവിധ വഖഫുകളുടെ അവലോകനം തുടങ്ങിയവ പഴയതുപോലെ നിർവ്വഹിക്കാമെന്നും എന്നാൽ വഖഫ് ബോർഡിന്റെ 2007-08-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലും തുടർന്ന് ധനകാര്യവകുപ്പും അനർഹമെന്ന് വ്യക്തമാക്കിയതും ജീവനക്കാർക്ക് നൽകിവരുന്നതുമായ ആനുകൂല്യങ്ങൾ തുടരേണ്ടതില്ല എന്ന് സർക്കാർ 17-5-2010-ലെ G.O.(Rt)2377/10/RD.നമ്പർ ഉത്തരവിലൂടെ വ്യക്തമാക്കിയിരുന്നു. എന്നാൽ തുടർന്നുണ്ടായ ഹൈക്കോടതിയുടെ താല്ക്കാലിക വിധിയിലൂടെ മേൽ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയാണ്.

ഫിഷിംഗ് ഹാർബറുകൾ

168 (6086) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര ഫിഷിംഗ് ഹാർബറുകൾ നിർമ്മിച്ചിട്ടുണ്ട് ; ഏതു വർഷങ്ങളിലാണ് ഇവ നിർമ്മിച്ചത് ; ഓരോ ഹാർബറിനും ഉണ്ടായ നിർമ്മാണ ചെലവ് എത്രയാണ് ;

(ബി) നിർമ്മാണം പൂർത്തിയാകാത്ത എത്ര ഫിഷിംഗ് ഹാർബറുകൾ ഉണ്ട് ; അവ എവിടെയൊക്കെയാണ് ; ഓരോന്നിനും ഇതുവരെ എന്തു തുക ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനി പുതുതായി എത്ര ഫിഷിംഗ് ഹാർബറുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ; അവ എവിടെയൊക്കെ ; ഓരോന്നിനും വേണ്ടി വരുന്ന അടങ്കൽ തുക എത്ര എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പൂർത്തിയായ 9 മത്സ്യബന്ധന തുറമുഖങ്ങൾ ഉണ്ട്. അവയുടെ വിശദവിവരം താഴെ ചേർക്കുന്നു :

പൂർത്തീകരിച്ച മത്സ്യ ബന്ധന തുറമുഖങ്ങൾ	പൂർത്തിയായ വർഷം	ഇതുവരെയുള്ള ചെലവ് (ലക്ഷത്തിൽ)
(1)	(2)	(3)
മാപ്പിളബേ	1999	1070.5
ചോമ്പാൽ	1999	902.67
പുതിയാപ്പ	1996	1161.73
മുനമ്പം	2000	1792.944
നീണ്ടകര	1988	854.042
കായംകുളം	2008	2527.34
തങ്കശ്ശേരി	2001	4108.671
ബേപ്പൂർ അഴീക്കൽ	ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളല്ല	

(ബി) നിർമ്മാണം പൂർത്തിയാകാനുള്ള 12 മത്സ്യബന്ധന തുറമുഖങ്ങൾ ഉണ്ട്. അവയുടെ വിശദവിവരം താഴെ ചേർക്കുന്നു :

പൂർത്തിയാകാനുള്ള മത്സ്യബന്ധന തുറമുഖങ്ങൾ	ഇതുവരെയുള്ള ചെലവ് ചെലവ് (ലക്ഷത്തിൽ)
(1)	(2)
വിഴിഞ്ഞം	1610.476
മുതലപ്പൊഴി	1302.088
തോട്ടപ്പള്ളി	1477.59
ചെത്തി	435.27
ചെല്ലാനം	546.36
അർത്തുങ്കൽ (ഒന്നാംഘട്ടം)	429.61
ചേറ്റുവ	ഇല്ല
ചെറുവത്തൂർ	ഇല്ല
പൊന്നാനി	2630.619
കൊയിലാണ്ടി	2499.91
തലായ്	1220.5
കാസർഗോഡ്	249.25

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുതായി 11 മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. അവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

നിർമ്മിക്കാനുദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ	ഉദ്ദേശ അടങ്കൽ തുക
മഞ്ചേശ്വരം, വെള്ളയിൽ പരപ്പനങ്ങാടി, താനൂർ അർത്തുങ്കൽ, (2-ാം ഘട്ടം) ചിലക്കൂർ, വലിയതുറ, പുന്നപ്ര സൗത്ത്പരവൂർ, പുതിയങ്ങാടി.	ഇവയുടെ അന്വേഷണ ഗവേഷണ പഠനം, മാതൃകാപഠനം, പരിസ്ഥിതി പഠനം എന്നിവ നടന്നുവരികയാണ്. അതിനുശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയശേഷമേ അടങ്കൽ തുക അറിയാൻ കഴിയൂ.

ഹാർബർ ഡിപ്പാർട്ട്മെന്റും ഫിഷറീസ് വകുപ്പും നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങൾ

169 (6087) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം ഹാർബർ ഡിപ്പാർട്ട്മെന്റും ഫിഷറീസ് വകുപ്പും നടപ്പാക്കിയ ക്ഷേമ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വർഷം തിരിച്ച് വിശദമാക്കുമോ ;

(ബി) ഏതൊക്കെ നിർമ്മാണപ്രവൃത്തികളും റോഡ് നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികളും നടന്നുവെന്നും ഓരോന്നിനും എത്രമാത്രം പണം ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പ് മുഖേന അരൂർ നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

വർഷം	പദ്ധതി	ചെലവഴിച്ചതുക
2006-07	ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി	17,60,000
2006-07	സമ്പാദ്യ സമാശ്വാസ പദ്ധതി	12,37,350
2007-08	മത്സ്യത്തൊഴിലാളി വനിതകളുടെ ഗ്രൂപ്പുകൾക്ക് സാമ്പത്തിക ശാക്തീകരണത്തിന് ധനസഹായം	1,40,000
2007-08	സുനാമി അടിയന്തിര സഹായ പദ്ധതി	6,25,116
2007-08	ഐ.ടി. കിയോസ്ക്കുകൾ	5,94,112
2007-08	ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി	13,20,000

LIBRARY ARCHIVES Kerala Legislative Assembly